ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08.07.2025

TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പരിസ്ഥിതി സംരക്ഷണം ധാർമികമായ കടമയായി കണക്കാക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said at the BRICS summit that India is a country that considers environmental protection a moral duty.**

2. രാജ്യത്തിന്റെ ഊർജ്ജശേഷി വികസിപ്പിക്കുന്നതിന് നോർവേയിൽ ഇന്ത്യ സമഗ്ര പഠനം നടത്തുന്നതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി.

   **Union Minister Hardeep Singh Puri said that India is conducting a comprehensive study in Norway to develop the country's energy capacity.**

3. അഫ്ഗാനിസ്ഥാനിലെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഐക്യരാഷ്ട്ര പൊതുസഭ അവതരിപ്പിച്ച പ്രമേയത്തിൽ വോട്ട് ചെയ്യുന്നതിൽ നിന്ന് ഇന്ത്യ വിട്ടുനിന്നു.

   **India abstained from voting on the United Nations General Assembly, UNGA resolution on the situation in Afghanistan.**

4. കേരളത്തിൽ നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതം. മലപ്പുറത്ത് സമ്പർക്ക പട്ടികയിലുള്ള 46 പേരുടെ സാമ്പിളുകൾ നെഗറ്റീവ്.

**Preventive measures against the spread of Nipah intensified in Kerala. Samples of 46 people on the contact list in Malappuram tested negative.**

5. **അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സൻജോഗ് ഗുപ്തയെ നിയമിച്ചു**

   **Sanjog Gupta has been appointed as new Chief Executive Officer of the International Cricket Council.**

6. **വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് യു എസ് ഏർപ്പെടുത്തിയ അധിക ഇറക്കുമതി തീരുവ അടുത്തമാസം ഒന്നുമുതൽ പ്രാബല്യത്തിൽ.**

   **Import duty imposed by the US on products from foreign countries will come into effect from next month.**

*******************************

## PM - BRICS

പരിസ്ഥിതി സംരക്ഷണം ധാർമികമായ കടമയായി കണക്കാക്കുന്ന രാജ്യമാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയുടെ പരിസ്ഥിതി, ആഗോള ആരോഗ്യം എന്നിവയെക്കുറിച്ചുള്ള സമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. തലമുറകളായി രാജ്യം പ്രകൃതി സംരക്ഷണത്തിനായി പ്രവർത്തിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി ബൊളീവിയൻ പ്രസിഡന്റ് , ഉറുഗ്വേ പ്രസിഡന്റ് എന്നിവരുമായി ഉഭയകക്ഷി കൂടിക്കാഴ്ചകളും നടത്തി.

*******************************

## PM MODI- BRASILIA

രണ്ട് ദിവസത്തെ ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം പ്രധാനമന്ത്രി ബ്രസീൽ തലസ്ഥാനമായ ബ്രസീലിയയിലെത്തി.

സന്ദർശന വേളയിൽ, ബ്രസീൽ പ്രസിഡൻറുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തും. പുനരുപയോഗ ഊർജം , കൃഷി , ഭീകരവിരുദ്ധ പ്രവർത്തനങ്ങൾ , രഹസ്യവിവര കൈമാറ്റം, എന്നീ ധാരണാപത്രങ്ങളിൽ ഇന്ത്യയും ബ്രസീലും ഒപ്പുവയ്ക്കുമെന്ന് ബ്രസീലിലെ ഇന്ത്യൻ അംബാസിഡർ അറിയിച്ചു. 57 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിയ സന്ദർശനത്തിനായി എത്തുന്നത്. ബ്രസീൽ സന്ദർശനത്തിന് ശേഷം വിദേശ പര്യടനത്തിൻറെ അവസാനപാദത്തിൽ പ്രധാനമന്ത്രി നാളെ നമീബിയയിലേക്ക് തിരിക്കും.

********************************

## MORN. PURI-NORWAY

ഇന്ത്യയുടെ ഊർജ്ജശേഷി നവീകരണം-വികസനം എന്നിവ ലക്ഷ്യമിട്ട് നോർവേയിൽ വിവിധ പദ്ധതികളിൽ സമഗ്ര പഠനം നടത്തുന്നതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. നോർവേയിലെ ബെർഗനിലുള്ള നോർത്തേൺ ലൈറ്റ്സ് $CO_2$ ടെർമിനൽ സന്ദർശിച്ച അദ്ദേഹം ഹൈഡ്രോകാർബൺ പര്യവേക്ഷണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് വിദഗ്ധരുമായി ചർച്ച നടത്തി. ആഴക്കടൽ പര്യവേക്ഷണം, സംഭരണ സാങ്കേതികവിദ്യ ഉൾപ്പെടെ നോർവേയുടെ വൈദഗ്ദ്ധ്യം ഇന്ത്യയുടെ ഊർജ്ജ പരിവർത്തനത്തിനു സഹായകമാകുമെന്നും ശ്രീ പുരി പറഞ്ഞു.

********************************

## CENSUS WEB PORTAL

രാജ്യത്ത് ജനസംഖ്യാ കണക്കെടുപ്പിന് മുന്നോടിയായി വ്യക്തിഗത വിവരങ്ങൾ സമർപ്പിക്കുന്നതിന് പ്രത്യേക വെബ് പോർട്ടൽ നിലവിൽ വരുന്നു. 2027-ൽ നടക്കുന്ന സെൻസസിൻറെ രണ്ട് ഘട്ടങ്ങളിലും ഈ പോർട്ടൽ ലഭ്യമാകും. രാജ്യത്ത് ആദ്യമായി നടക്കുന്ന ഡിജിറ്റൽ സെൻസസ് ആയിരിക്കും ഇതെന്ന് Registrar

General and Census Commissioner of India സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു. ഇംഗ്ലീഷിലും ഹിന്ദിയിലും മറ്റ് പ്രാദേശിക ഭാഷകളിലും ലഭിക്കുന്ന മൊബൈൽ ആപ്പിലൂടെയായിരിക്കും വിവരങ്ങൾ ശേഖരിക്കുന്നത്.

*********************************

## KISHAN REDDY (INTRO)

വികസനം, പൊതുജനക്ഷേമം, പരിസ്ഥിതി സംരക്ഷണം എന്നിവ മുൻനിർത്തി ഖനന മേഖലയിൽ നിരവധി സുപ്രധാന പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ നടപ്പാക്കിയതായി കൽക്കരി, ഖനി മന്ത്രി ജി കിഷൻ റെഡ്ഡി. ജയ്പൂരിൽ 7 സ്റ്റാർ, 5 സ്റ്റാർ പദവി നേടിയ ഖനികളുടെ അനുമോദന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖനികൾക്ക് ചുറ്റും താമസിക്കുന്ന ജനങ്ങളുടെയും ഖനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും താൽപര്യങ്ങളുടെ സംരക്ഷണം സർക്കാരിൻറെ നയങ്ങൾ ഉറപ്പാക്കിയിട്ടുണ്ടെന്ന് ശ്രീ റെഡ്ഡി പറഞ്ഞു.

(വോയിസ്)

*********************************

## SARBANANDA SONOWAL- NE

വടക്കുകിഴക്കൻ മേഖലയിലെ ജലപാതകളുടെയും സമുദ്ര മേഖലയുടെയും വികസനത്തിനായി 5,000 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പ്രഖ്യാപിച്ചു. ഗുവാഹത്തിയിൽ മാധ്യമപ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാന തുറമുഖങ്ങളുടെ വികസനം, വർദ്ധിച്ചുവരുന്ന ജല-ടൂറിസം, സമുദ്ര അനുബന്ധ ജോലികൾക്കായി 50,000 യുവാക്കളെ പരിശീലിപ്പിക്കാനുള്ള പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്.

*********************************

## NIPAH - KERALAM

കേരളത്തിൽ നിപ വ്യാപനത്തിനെതിരെ പ്രതിരോധ പ്രവർത്തങ്ങൾ ഊർജ്ജിതം. സമ്പർക്ക പട്ടികയിൽ 461 പേരാണുള്ളതെന്ന് മന്ത്രി വീണ ജോർജ് അറിയിച്ചു. പാലക്കാട് ജില്ലയിൽ നിലവിൽ ഒരാൾ മാത്രമാണ് നിപ സ്ഥിരീകരിച്ച് ചികിത്സയിൽ ഉള്ളത്. മലപ്പുറത്ത് സമ്പർക്ക പട്ടികയിലുള്ള 48 പേരുടെ സാമ്പിൾ പരിശോധിച്ചതിൽ 46 ഉം നെഗറ്റീവാണെന്ന് മന്ത്രി പറഞ്ഞു. അതേസമയം, നിപ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ വവ്വാലുകൾ ഉള്ള പ്രദേശങ്ങൾ സന്ദർശിച്ചു അവയിൽ നിന്നും സാമ്പിൾ ശേഖരിക്കുന്നതിനായി നാഷണൽ വയറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിദഗ്ദ്ധ സംഘം സംസ്ഥാനത്തെത്തും.

********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും........

(ബ്രേക്ക്)

********************************

## INDIA-UN-AFGHANISTAN

അഫ്ഗാനിസ്ഥാനിലെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഐക്യരാഷ്ട്ര പൊതുസഭ അവതരിപ്പിച്ച പ്രമേയത്തിൽ വോട്ട് ചെയ്യുന്നതിൽ നിന്ന് ഇന്ത്യ വിട്ടുനിന്നു. നൂതനമായ സംരംഭങ്ങളില്ലാതെയുള്ള പതിവു സമീപനം, അഫ്ഗാൻ ജനതയ്ക്ക് അന്താരാഷ്ട്ര സമൂഹം വിഭാവനം ചെയ്യുന്ന ഫലം നൽകില്ലെന്ന് ഇന്ത്യ ചൂണ്ടിക്കാട്ടിയാണ് നടപടി.

********************************

## MORN.ICC CEO SANJOG GUPTA

അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സൻജോഗ് ഗുപ്തയെ നിയമിച്ചു. കായിക തന്ത്രങ്ങളിലും വാണിജ്യവൽക്കരണത്തിലും ഗുപ്തയുടെ പരിചയസമ്പത്ത് ഐസിസിക്ക് ഗുണകരമാകുമെന്ന് ഐസിസി ചെയർമാൻ ജയ് ഷാ പറഞ്ഞു.

*******************************

## QUARRY-ACCIDENT.. INTRO

പത്തനംതിട്ട കോന്നി പയ്യനാമൺ ചെങ്കളത്ത് ക്വാറിയിൽ ജോലിക്കിടെ പാറയിടിഞ്ഞ് വീണ് എസ്കവേറ്റർ കുടുങ്ങിക്കിടക്കുന്ന അതിഥി തൊഴിലാളിക്കായി രക്ഷാ ദൗത്യം ആരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

**(വോയ്സ്)**

*******************************

## V. SIVANKUTTY

ക്വാറി ഇടിഞ്ഞു തൊഴിലാളി മരണപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രി വി.ശിവൻകുട്ടി അഡീഷണൽ ലേബർ കമ്മീഷണർ കെ ശ്രീലാലിന് നിർദ്ദേശം നൽകി. മരിച്ച തൊഴിലാളിയുടെ കുടുംബത്തിന് എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരം നഷ്ടപരിഹാരം നൽകും. മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികളും തൊഴിൽ വകുപ്പ് കൈക്കൊള്ളും.

*******************************

## WEATHER

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഈമാസം 11 വരെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും സാധ്യത ഉള്ളതിനാൽ പൊതുജനങ്ങൾക്ക് ജാഗ്രത നിർദേശം പുറപ്പെടുവിച്ചു.

*******************************

## RAINS

കനത്ത മഴയെത്തുടർന്ന് നാഗാലാൻഡിൽ പരക്കെ നാശനഷ്ടം. വിവിധ ജില്ലകളിൽ കനത്ത വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാരണം വീടുകളും, പാലങ്ങളും, കൃഷിസ്ഥലങ്ങളും ഉൾപ്പെടെ തകർന്നതായാണ് റിപ്പോർട്ട്. മണ്ണിടിച്ചിലിൽ റോഡുകൾ തകർന്നതിനെ തുടർന്ന് പല സ്ഥലങ്ങളും ഒറ്റപ്പെട്ടു. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ഉത്തരാഖണ്ഡിലും കനത്ത മഴ തുടരുകയാണ്. ദുരിത ബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം തുടരുന്നതായി ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി പറഞ്ഞു. റോഡുകൾ പുനഃസ്ഥാപിക്കാനുള്ള ശ്രമം തുടരുകയാണ്.

*******************************

## REV. TRUMP-TARIFF

വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് യു എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഏർപ്പെടുത്തിയ അധിക ഇറക്കുമതി തീരുവ അടുത്തമാസം ഒന്നുമുതൽ പ്രാബല്യത്തിൽ വരും. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഏപ്രിലിൽ പ്രഖ്യാപിച്ച അധിക തീരുവയ്ക്ക് നല്കിയ താല്ക്കാലിക ഇളവ് നാളെ അവസാനിക്കാനിരിക്കെയാണ് ട്രംപിൻറെ പ്രഖ്യാപനം. ജപ്പാനിൽ നിന്നും ദക്ഷിണ കൊറിയയിൽ

നിന്നുമുള്ള ഉൽപ്പന്നങ്ങൾക്ക് 25 ശതമാനം തീരുവ ചുമത്തുമെന്ന് ട്രംപ് വ്യക്തമാക്കി. വിവിധ രാഷ്ട്രത്തലവന്മാർക്ക് തീരുവയുമായി ബന്ധപ്പെട്ട കത്തുകൾ അയക്കുമെന്ന് പറഞ്ഞതിന് പിന്നാലെയാണ് ഏറ്റവും പുതിയ താരിഫ് പ്രഖ്യാപനം. മ്യാൻമർ, ലാവോസ്, ദക്ഷിണാഫ്രിക്ക, കസാക്കിസ്ഥാൻ, മലേഷ്യ എന്നീ അഞ്ച് രാജ്യങ്ങൾക്ക് കൂടി ട്രംപ് അധിക ചുങ്കം ഏർപ്പെടുത്തി.

*******************************

## TENNIS-WIMBLEDON 2025

വിംബിൾഡൺ ടെന്നീസിൽ, ലോക ഒന്നാം നമ്പർ യാനിക് സിന്നർ ക്വാർട്ടർ ഫൈനലിലേക്ക്. പ്രീ ക്വാർട്ടറിൽ എതിരാളിയായ ഗ്രിഗൊർ ദിമിത്രോവിന് പരിക്കേറ്റതിനെ തുടർന്ന് മത്സരത്തിൽ നിന്ന് പിന്മാറാറേണ്ടി വന്നതോടെയാണ് ജാനിക്കിൻറെ മുന്നേറ്റം. അതിനിടെ മുൻ ചാമ്പ്യൻ നൊവാക് ജോക്കോവിച്ച് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു . ഓസ്ട്രേലിയയുടെ അലക്സ് ഡി മിനോറിനെയാണ് പ്രീ-ക്വാർട്ടറിൽ ജോക്കോവിച്ച് പരാജയപ്പെടുത്തിയത്.

*******************************

## BUS STRIKE

സംസ്ഥാന വ്യാപകമായി സ്വകാര്യ ബസ് ഉടമകൾ ഇന്ന് സൂചനാ പണിമുടക്ക് നടത്തുന്നു. സമരം ഒഴിവാക്കാൻ ബസ് ഉടമകളുമായി ഗതാഗത കമ്മീഷണർ ഇന്നലെ നടത്തിയ ചർച്ച പരാജയപ്പെട്ടിരുന്നു. ഇതോടെ, മന്ത്രി കെ ബി ഗണേഷ് കുമാർ, ബസ് ഉടമകളുമായി വീണ്ടും ചർച്ച നടത്തും.

*******************************

## NATIONAL STRIKE

വിവിധ തൊഴിലാളി സംഘടനകൾ ആഹ്വാനം ചെയ്ത ദേശീയ പണിമുടക്ക് ഇന്ന് അർധരാത്രി ആരംഭിക്കും. നാളെ അർധരാത്രി വരെയാണ് പണിമുടക്ക്.

*******************************

## NT. TEXAS FLOOD

യു എസി ലെ ടെക്സസിൽ കഴിഞ്ഞയാഴ്ചയുണ്ടായ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും 91 പേർ മരിച്ചു. മരിച്ചവരിൽ സമ്മർ ക്യാമ്പിൽ പങ്കെടുക്കുകയായിരുന്ന 27 കുട്ടികളും കൗൺസിലർമാരും ഉൾപ്പെടുന്നു. ദുരിതബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തകർ തിരച്ചിൽ തുടരുകയാണ്. ക്യാമ്പിൽ 700 ഓളം കുട്ടികൾ ഉണ്ടായിരുന്നുവെന്ന് ടെക്സസ് ലെഫ്റ്റനൻറ് ഗവർണർ ഡാൻ പാട്രിക് പറഞ്ഞു.

*******************************

## CRICKET - INDIA U19 WIN

ഇംഗ്ലണ്ടിനെതിരായ യൂത്ത് ഏകദിന പരമ്പരയിൽ ഇന്ത്യ അണ്ടർ 19 ടീമിന് ജയം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ മൂന്നും ഇന്ത്യ സ്വന്തമാക്കി. ഈ മാസം 12 മുതൽ അണ്ടർ-19 ഇന്ത്യൻ ടീം ബെക്കൻഹാമിൽ ഇംഗ്ലണ്ടിനെതിരെ രണ്ട് യൂത്ത് ടെസ്റ്റ് മത്സരങ്ങൾ കളിക്കും.

*****************************************************************************************************